സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 185 2024 നവംബർ 09 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com

## സ്വർണവില ഇടിഞ്ഞു; പവന് 58,200 രൂപ

തിരു: സംസ്ഥാനത്ത് സ്വർണവിലയിൽ ഇടിവ്. 80 രൂപ കുറഞ്ഞ് ഒരു പവൻ സ്വർണത്തിന്റെ വില 58,200 രൂപയായി. ഗ്രാമിന് 10 രൂപ കുറഞ്ഞു. 7275 രൂപയാണ് ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന്റെ വില. ഒരു ഗ്രാം 18 കാരറ്റ് സ്വർണത്തിന്റെ വില 5995 രൂപയാണ്. വെള്ളി വിലയിൽ മാറ്റമില്ല. ഒരു ഗ്രാം വെള്ളിയുടെ വില 100 രൂപയാണ്.അന്താരാഷ്ട്ര വിപണിയിലെ മാറ്റങ്ങളാണ് സംസ്ഥാനത്തും പ്രതിഫലിക്കുന്നത്. അമേരിക്കയിൽ ഡോണൾഡ് ട്രംപ് അധികാരത്തിലെത്തിയതോടെ സ്വർണ്ണവിലയിൽ വ്യാഴാഴ്ച വലിയ ഇടിവ് രേഖപ്പെടുത്തിയിരുന്നു. ഒറ്റ ദിവസത്തിൽ പവന് 1320 രൂപയാണ് കുറഞ്ഞത്. റെക്കോർഡുകൾ ഭേദിച്ച് മുന്നേറിക്കൊണ്ടിരുന്ന സ്വർണവിലയിൽ 1000 രൂപയിലധികം ഒറ്റ ദിവസം കൊണ്ട് ഇടിയുന്നത് ഏറെ നാളുകൾക്ക് ശേഷമായിരുന്നു.

# പിപി ദിവ്യയുടെ ജാമ്യം റദ്ദാക്കണം

## ഹൈക്കോടതിയിൽ ഹർജി നൽകും; നിർണായക നീക്കവുമായി നവീൻ ബാബുവിന്റെ കുടുംബം



പത്തനംതിട്ട: എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ പ്രതിയായ പിപി ദിവ്യക്ക് ജാമ്യം അനുവദിച്ചതിനെതിരെ നവീൻ ബാബുവിന്റെ കുടുംബം ഹൈക്കോടതിയിലേക്ക്. പിപി ദിവ്യയുടെ ജാമ്യം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് കുടുംബം ഹൈക്കോടതിയിലെത്തുന്നത്. എസ്ഐടി അന്വേഷണം കാര്യക്ഷമമല്ല. അക്കാര്യവും കോടതിയെ ബോധ്യപ്പെടുത്തും. ഗൂഢാലോചന ഉൾപ്പെടെ അന്വേഷിക്കണമെന്നും കുടുംബം ആവശ്യപ്പെടുന്നു. ഇന്നലെ കൂടുതൽ പ്രതികരിക്കാനില്ലെന്നായിരുന്നു നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷ പ്രതികരിച്ചത്.

എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ ദുഃഖമുണ്ടെന്നാണ് ജയിൽ മോചിതയായ ശേഷം പിപി ദിവ്യയുടെ പ്രതികരണം. സദുദ്ദേശപരമായിരുന്നു ഇടപെടലെന്നും പിപി ദിവ്യ പറഞ്ഞു. തന്റെ നിരപരാധിത്വം തെളിയിക്കുമെന്നും ദിവ്യ പറഞ്ഞു. 11 ദിവസത്തെ ജയിൽ വാസത്തിന് ശേഷമാണ് പിപി ദിവ്യ ജയിൽ മോചിതയായത്. വളരെ ചെറിയ വാക്കുകളിലായിരുന്നു ദിവ്യയുടെ പ്രതികരണം. മാധ്യമങ്ങളുടെ മറ്റു ചോദ്യങ്ങളോട് ദിവ്യ പ്രതികരിച്ചിരുന്നില്ല.

മാധ്യമ പ്രവർത്തകരായാലും നാട്ടുകാരായാലും തന്നെ കാണാൻ തുടങ്ങിയിട്ട് ഒരുപാട് കാലമായി. എല്ലാവരുമായും സഹകരിച്ചുപോവുന്നതാണ് പതിവ്. ഏത് ഉദ്യോഗസ്ഥനോടും സദുദ്ദേശപരമായാണ് സംസാരിക്കാറുള്ളത്. കോടതിയിൽ തന്റെ നിരപരാധിത്വം തെളിയിക്കും. എഡിഎമ്മിന്റെ മരണത്തിൽ കൃത്യമായ അന്വേഷണം നടക്കണമെന്നും എഡിഎമ്മിന്റെ കുടുംബത്തെ പോലെ തന്റെയും ആഗ്രഹം സത്യം തെളിയണമെന്നാണെന്നും പിപി ദിവ്യ മാധ്യമങ്ങളോട് പറഞ്ഞു.

തന്നെ തഹസിൽദാരുടെ ചുമതലയിൽ നിന്ന് ഒഴിവാക്കണമെന്നും മാനസിക പിരിമുറുക്കം കുറവുള്ള തസ്തികയിലേക്ക് മാറ്റണമെന്നും നവീൻബാബുവിന്റെ ഭാര്യ മഞ്ജുള സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കളക്ടറേറ്റിൽ സീനിയർ സൂപ്രണ്ടായി നിയമിക്കുമെന്നാണ് റിപ്പോർട്ട്.

## വയനാട് മേപ്പാടിയിൽ കുട്ടികൾക്ക് ഭക്ഷ്യവിഷബാധ

വയനാട്: മേപ്പാടിയിൽ കുട്ടികൾക്ക് ഭക്ഷ്യവിഷബാധയുണ്ടായതായി സംശയം. സൊയാബീൻ കഴിച്ച മൂന്ന് കുട്ടികൾക്കാണ് വയറിളക്കവും ശർദിയുമുൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടത്.

നിലവിൽ കുട്ടികളുടെ ആരോഗ്യനിലയിൽ പ്രശ്നങ്ങളില്ല. ഒരു കുട്ടിയെ ആണ് ആശുപത്രിയിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ കുട്ടിയുടെ ബന്ധുവായ ഒരു കുട്ടിയും ഫ്ളാറ്റിലുള്ള മറ്റൊരു കുട്ടിക്കും ഭക്ഷ്യവിഷബാധ ഏറ്റിട്ടുണ്ടെന്നാണ് വിവരം.ഇവരെല്ലാം തന്നെ സൊയാബീൻ കഴിച്ചിട്ടുള്ളതാകാം ഭക്ഷ്യവിഷബാധ ഉണ്ടാകാനുള്ള കാരണമെന്നാണ് സംശയിക്കുന്നത്.

അതേസമയം, മന്ത്രി പി പ്രസാദും ആശുപത്രിയിൽ കുട്ടികളെ കാണാനെത്തിയിരുന്നു. കുട്ടികൾക്ക് ആരോഗ്യ പ്രശ്നമില്ല. ദുരന്ത ബാധിതർക്ക് കൊടുത്ത ഭക്ഷണത്തിൽ കൃത്യമായ പരിശോധന ഉണ്ടാവണമെന്നു കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വക്തമാക്കി.

## 'മാടമ്പള്ളിയിലെ മനോരോഗി'; അഡീ. ചീഫ് സെക്രട്ടറി ജയതിലകിനെതിരെ പരസ്യ അധിക്ഷേപവുമായി എൻ. പ്രശാന്ത്



തിരു: തനിക്കെതിരായ റിപ്പോർട്ടിലെ പരാമർശങ്ങൾ വാർത്തയായതിന് പിന്നാലെ അഡീഷണൽ ചീഫ് സെക്രട്ടറി എ. ജയതിലകിനെതിരെ എൻ. പ്രശാന്ത്. അടുത്ത ചീഫ് സെക്രട്ടറിയാണെന്ന് സ്വയം പ്രഖ്യാപിച്ച മഹദ് വ്യക്തിയെന്ന് ജയതിലകിനെ വിശേഷിപ്പിച്ച പ്രശാന്ത്, അദ്ദേഹത്തിനെതിരെ സർക്കാർ ഫയലുകൾ പുറത്തുവിടുമെന്നും ഫെയ്സ്ബുക്കിൽ കുറിച്ചു.

റിപ്പോർട്ടിലെ പരാമർശങ്ങൾ വാർത്തയായതിന് പിന്നാലെ എ. ജയതിലകിനെതിരെ നേരത്തെ തന്നെ പ്രശാന്ത് രംഗത്തെത്തിയിരുന്നു. ജയതിലകിനെ മാടമ്പള്ളിയിലെ യഥാർഥ മനോരോഗിയെന്നാണ് പ്രശാന്ത് ഫെയ്സ്ബുക്ക് കമന്റിലൂടെ വിശേഷിപ്പിച്ചത്. ഇത് വിവാദമായതോടെ കമന്റ് ഡിലീറ്റ് ചെയ്യുകയും ചെയ്തു. പട്ടികജാതി- വർഗ വിഭാഗക്കാരുടെ ക്ഷേമത്തിനും വിവിധ പദ്ധതികളുടെ നിർവഹണത്തിനുമായി രൂപവത്കരിച്ച ഉന്നതിയിലെ ഫയലുകൾ കാണാനില്ലെന്ന പത്ര വാർത്തയാണ് പ്രകോപനം.

അഡീഷണൽ ചീഫ് സെക്രട്ടറി മുഖ്യമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ടിലെ പരാമർശങ്ങൾ കഴിഞ്ഞ ദിവസം വാർത്തയാക്കിയിരുന്നു. ഇതിനെതിരെയാണ് പ്രശാന്ത് രംഗത്തെത്തിയത്. അധിക്ഷേപഭാഷയിലുള്ള പോസ്റ്റിൽ വന്ന ഒരു കമന്റിന് മറുപടിയായാണ് പ്രശാന്ത് എ. ജയതിലക് ഐ.എ.എസിനെതിരെ പരാമർശം നടത്തിയത്.

ഡോ. ജയതിലകിന്റെ റിപ്പോർട്ടുകൾ എങ്ങനെ ഇവർ ചോർത്തുന്നു. ആരാണ് ഇടനിലക്കാർ എന്നായിരുന്നു കമന്റ്. ഇതിന് മറുപടിയായി, 'ഈ ജയതിലക് എന്ന വ്യക്തി തന്നെയാണ് ബ്രോ മാടമ്പള്ളിയിലെ യഥാർഥ ചിത്തരോഗി' എന്നാണ് പ്രശാന്ത് കുറിച്ചത്. പട്ടികജാതി- വർഗ വകുപ്പ് സപെഷ്യൽ സെക്രട്ടറിയായിരുന്ന എൻ. പ്രശാന്ത് ജോലിക്ക് ഹാജരാകാതെ ഹാജർ രേഖപ്പെടുത്തിയെന്ന കണ്ടെത്തലും പത്രം വാർത്തയാക്കിയിരുന്നു. ഇതിന് പിന്നാലെയാണ് ജയതിലകിന്റെ ചിത്രം അടക്കം പങ്കുവെച്ച് വീണ്ടും ഫെയ്സ്ബുക്ക് പോസ്റ്റുമായി പ്രശാന്ത് രംഗത്തെത്തിയത്.

## പെട്ടി അടഞ്ഞ അധ്യായമല്ല, യാദൃച്ഛികമായി വീണുകിട്ടിയ സംഭവം: എം.വി. ഗോവിന്ദൻ



പാലക്കാട്: കോൺഗ്രസിനെതിരായ കള്ളപ്പണ ആരോപണം പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ ചർച്ചയാക്കുന്നത് സംബന്ധിച്ച് സി.പി.എമ്മിൽ അഭിപ്രായ ഭിന്നതയെന്ന വാർത്തകളിൽ വിശദീകരണവുമായി സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. പെട്ടിവിഷയം ചർച്ചയാക്കുന്നതിൽ പാർട്ടിയിൽ അഭിപ്രായ വ്യത്യാസമില്ലെന്ന് അദ്ദേഹം പാലക്കാട്ട് മാധ്യമപ്രവർത്തകരോട് പറഞ്ഞു. താൻ പറഞ്ഞതാണ് പാർട്ടി അഭിപ്രായം. അതല്ലാത്തത് സി.പി.എമ്മിന്റെ അഭിപ്രായമല്ലെന്നും അദ്ദേഹം വ്യക്തമാക്കി.

'ഒരു ബാഗിന്റെ പിന്നാലെ പോവുന്ന പാർട്ടിയല്ല സി.പി.എം. ബാഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി വന്നതാണ്, രാഷ്ട്രീയ പ്രശ്നമായി വന്നതല്ല. യാദൃച്ഛികമായി വന്ന, വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഉപേക്ഷിക്കേണ്ട പ്രശ്നമല്ല. ശരിയായി അന്വേഷണം നടത്തണം. വസ്ത്രം കൊണ്ടുപോവുകയാണെന്ന് പറഞ്ഞത് തെറ്റാണെന്ന് ജനങ്ങൾക്ക് മനസിലായിട്ടുണ്ട്. നീലയും കറുത്തതുമുൾപ്പടെ ബാഗുകൾ കുഴൽപ്പണവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടേണ്ട രാഷ്ട്രീയ പ്രശ്നമാണ്. ഇതുൾപ്പെടെ ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടും', ഗോവിന്ദൻ പറഞ്ഞു.

'ബാഗ് മാത്രം ഫോക്കസ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ബാഗ് യാദൃച്ഛികമായി വീണുകിട്ടിയ സംഭവമാണ്. എൽഡിഎഫിന് തെറ്റ് പറ്റിയിട്ടില്ല. തെളിവ് ഇല്ലാതെ തന്നെ ആളുകൾക്ക് കാര്യം മനസിലായിട്ടുണ്ട്. പെട്ടി വിഷയം അടഞ്ഞ അധ്യായമേയല്ല. നിയോജകമണ്ഡലത്തിലെ പ്രധാന തിരഞ്ഞെടുപ്പ് വിഷയമാണ്. എന്നാൽ അതാണ് എല്ലാം എന്ന് കാണേണ്ടതില്ല. അതിശക്തമായ തിരിച്ചടി രാഹുൽ ഇവിടെ ഏറ്റുവാങ്ങും', അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.

പാലക്കാടാണ് എല്ലാവരുടേയും ശ്രദ്ധാകേന്ദ്രം. പാലക്കാട് ഇഞ്ചോടിച്ച് പോരാട്ടം നടക്കുന്നു എന്നത് എൽഡിഎഫിനെ സംബന്ധിച്ച് ആവേശകരമായ കാര്യമാണ്. ഇ ശ്രീധരന് കിട്ടിയ വോട്ട് എന്തായാലും ബിജെപിക്ക് കിട്ടാൻ പോകുന്നില്ല. ഷാഫി പറമ്പിലിന് കിട്ടിയ വോട്ട് ഇത്തവണ രാഹുൽ മാങ്കൂട്ടത്തിലിന് കിട്ടില്ല. എൽഡിഎഫ് നല്ല രീതിയിൽ മുന്നേറുന്നു. രാഹുൽ മാങ്കൂട്ടത്തിലിനെതിരെ വളരെ ശക്തമായ അവമതിപ്പ് മണ്ഡലത്തിൽ മാത്രമല്ല, കേരളത്തിലുടനീളമുണ്ട്. ഇതൊക്കെ സ്വാഭാവികമായി വോട്ടായി മാറുമെന്നും ഗോവിന്ദൻ പറഞ്ഞു.

## കായികമേളയിലെ വിജയികളുടെ ഭാവിക്കായി പ്രത്യേക പദ്ധതി പ്രഖ്യാപിക്കും: മന്ത്രി വി.ശിവൻകുട്ടി

കായികമേളയിൽ മികവ് പ്രകടിപ്പിക്കുന്നവർക്ക് തുടർ പഠനത്തിനും പരിശീലനത്തിനുമായി പ്രത്യേക പദ്ധതി പരിഗണനയിലുണ്ടെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. ഇതുസംബന്ധിച്ച പ്രഖ്യാപനം നവംബർ 11ന് കായികമേള സമാപനച്ചടങ്ങിൽ മുഖ്യമന്ത്രി നടത്തുമെന്നും അദ്ദേഹം പറഞ്ഞു. കായികമേളയുടെ പ്രധാനവേദിയായ മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ മാതൃഭൂമി ഡോട്ട് കോമിനോട് പ്രതികരിക്കുകയായിരുന്നു മന്ത്രി.

സ്കൂളുകളിലെ പരിശീലന സൗകര്യങ്ങൾ വർധിപ്പിക്കുമെന്നും വി.ശിവൻകുട്ടി പറഞ്ഞു. അഞ്ഞൂറ് കുട്ടികൾക്ക് ഒരു അധ്യാപകനെന്ന നിലയിലാണ് ഇപ്പോഴുള്ളത്. ഇത് മുന്നൂറ് കുട്ടികൾക്ക് ഒരു അധ്യാപകനെന്ന നിലയിലാക്കണമെന്ന നിർദേശം പരിഗണിക്കുന്നുണ്ട്. ഗ്രൗണ്ടുകൾ നിർമിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. സ്കൂളുകൾ ഗ്രൗണ്ട് മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് അനുവദിക്കില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## പാക്കിസ്ഥാനിൽ റെയിൽവേ സ്റ്റേഷനിൽ ബോംബ് സ്ഫോടനം; 24 പേർ മരിച്ചു

ഇസ്ലാമാബാദ്: പാക്കിസ്ഥാനിൽ റെയിൽവേ സ്റ്റേഷനിലുണ്ടായ ബോംബ് സ്ഫോടനത്തിൽ 24 പേർ മരിച്ചു. 40ലധികം പേർക്ക് പരിക്കേറ്റു.

ബലൂചിസ്ഥാനിലെ ക്വറ്റ റെയിൽവേ സ്റ്റേഷനിലായിരുന്നു അപകടം. പരിക്കേറ്റവരിൽ പലരുടെയും നില ഗുരുതരമാണ്.

സൈനിക ഉദ്യോ?ഗസ്ഥരെ ലക്ഷ്യമിട്ട് നടത്തിയ ആക്രമണമാണെന്ന് പൊലീസ് പറഞ്ഞതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. പെഷവാറിലേക്കുള്ള എക്സ്പ്രസ് പുറപ്പെടാനൊരുങ്ങുമ്പോഴാണ് റെയിൽവേ സ്റ്റേഷനിൽ സ്ഫോടനമുണ്ടായത്. സൂയിസൈഡ് ബോംബ് സ്ഫോടനമാണ് നടന്നതെന്നും പൊലീസ് വൃത്തങ്ങൾ പറഞ്ഞു. ആക്രമണത്തിന്റെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല.

## 'തരംതാഴ്ത്തിയത് തന്നോട് ചോദിക്കാതെ'; നേതാക്കളെ അതൃപ്തി അറിയിച്ച് പി.പി. ദിവ്യ



കണ്ണൂർ: തനിക്കെതിരായ പാർട്ടി നടപടിയിൽ അതൃപ്തി പ്രകടിപ്പിച്ച് സിപിഎം നേതാവ് പി.പി. ദിവ്യ. ജില്ലാ കമ്മിറ്റി അംഗമായ തന്നെ തരംതാഴ്ത്തിയത് തന്റെ ഭാഗം കേൾക്കാതെയാണ് എന്നതാണ് അതൃപ്തിക്കിടയാക്കിയതെന്നാണ് ദിവ്യയുമായി ബന്ധപ്പെട്ട നേതാക്കൾ വിശദീകരിക്കുന്നത്.

വെള്ളിയാഴ്ച വീട്ടിലെത്തിയശേഷം ദിവ്യ നേതാക്കളെ ഫോണിൽ വിളിച്ച് തന്റെ അതൃപ്തി അറിയിക്കുകയായിരുന്നു. കണ്ണൂർ ജില്ലാ കമ്മിറ്റി അംഗമായ പി.പി. ദിവ്യയെ പാർട്ടി ബ്രാഞ്ച് തലത്തിലേക്ക് തരംതാഴ്ത്തിക്കൊണ്ടുള്ള നടപടി കഴിഞ്ഞദിവസമാണ് ഉണ്ടായത്.

താൻ ജില്ലാ കമ്മിറ്റി അംഗമാണെന്നും നടപടിയെടുക്കുമ്പോൾ അത് അംഗത്തോടെങ്കിലും ചോദിക്കണമായിരുന്നു എന്നുമാണ് ദിവ്യയുടെ നിലപാട്. ജയിലിൽ കിടക്കുന്ന സമയമാണെങ്കിൽ പോലും ജയിലിലെത്തി അറിയിക്കാം. അല്ലെങ്കിൽ ജയിലിൽനിന്ന് പുറത്തിറങ്ങിയ ശേഷം ഇത് സംബന്ധിച്ച വിശദീകരണം ചോദിക്കാം. അതൊന്നും ചെയ്യാതെ പാർട്ടി ഏകപക്ഷീയ നിലപാടെടുത്തതാണ് ദിവ്യയുടെ അതൃപ്തിയ്ക്ക് കാരണം എന്നാണ് സൂചന.

കണ്ണൂർ എ.ഡി.എം. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ദിവ്യക്കെതിരെ കേസെടുത്ത് ഇരുപത് ദിവസങ്ങൾക്ക് ശേഷമാണ് അവർക്കെതിരേ പാർട്ടി നടപടി ഉണ്ടായത്. ദിവ്യയുടെ ഭാഗത്തുനിന്ന് ഗുരുതര വീഴ്ചയാണ് ഉണ്ടായിരിക്കുന്നതെന്ന് ജില്ലാ കമ്മിറ്റിയുടെ വിലയിരുത്തിയിരുന്നു.

നവീൻ ബാബുവിന്റെ മരണത്തിൽ ദിവ്യയെ പ്രതിചേർത്തതിനു പിന്നാലെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തുനിന്ന് അവരെ നീക്കിയിരുന്നു. എന്നാൽ, പാർട്ടി നടപടിയിലേക്ക് തത്കാലം പോകേണ്ടതില്ലെന്ന നിലപാടിലായിരുന്നു. ഇതിനെതിരേ വലിയ സമ്മർദം സിപിഎം ജില്ലാ നേതൃത്വത്തിനുമേൽ ഉണ്ടായതോടെയാണ് പാർട്ടി നടപടി ഉണ്ടായത്. ദിവ്യയ്ക്കെതിരേ നടപടി വേണമെന്ന ആവശ്യവുമായി സിപിഎമ്മിന്റെ പത്തനംതിട്ട ജില്ലാ നേതൃത്വവും രംഗത്തെത്തിയിരുന്നു.

## സൗജന്യമെഡിക്കൽ ക്യാമ്പും ഇഎൻ. ടി ക്യാമ്പും നാളെ

പുതുക്കാട്: കേരള വ്യാപാരി വ്യവസായി പുതുക്കാട് യൂണിറ്റ് യൂത്ത്വിംഗിന്റെയും വനിതാ വിംഗിന്റെയും ആഭിമുഖ്യത്തിൽ വൈദ്യരത്നം ആയുർ വേദ ഹോസ്പിറ്റലും ഡി വൈൻ ഹിയറിംഗ് എയ്ഡും സംയുക്തമായി നടത്തുന്ന സൗജന്യമെഡിക്കൽ ക്യാമ്പും ഇഎൻ. ടി ക്യാമ്പും നാളെ 9 മുതൽ 1 മണിവരെ വ്യാപാര ഭവനിൽ നടത്തപ്പെടുന്നു.

## നീലേശ്വരം വെടിക്കെട്ട് അപകടം; ചികിത്സയിലായിരുന്ന ഒരാൾകൂടി മരിച്ചു

കാസർകോട്: നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ ഒരാൾ കൂടി മരിച്ചു. കിണാവൂർ സ്വദേശി രജിത് (28) ആണ് മരിച്ചത്. മംഗളൂരുവിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം. ഇതോടെ മരണ സംഖ്യ അഞ്ചായി.

ചെറുവത്തൂർ സ്വദേശി ഷിബിൻ രാജ്, കരിന്തളം കൊല്ലമ്പാറ സ്വദേശി കെ ബിജു (38), കിണാവൂർ സ്വദേശി രതീഷ് (32), കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ചോയ്യങ്കോട് കിണാവൂർ റോഡ് സ്വദേശി സന്ദീപ് (38) എന്നിവർ നേരത്തെ മരിച്ചിരുന്നു.

നീലേശ്വരം അഞ്ഞൂറ്റമ്പലം ശ്രീ വീരർക്കാവ് ക്ഷേത്രത്തിലെ വെടിക്കെട്ടിനിടെയാണ് അപകടമുണ്ടായത്. 150പേർക്ക് പരിക്കേറ്റിരുന്നു. പിന്നാലെ ഇത് സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചു. ഇതിനായി ഒരു കോടി രൂപ അനുവദിച്ചുള്ള ഉത്തരവ് നേരത്തെയിറങ്ങിയിരുന്നു. കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിട്ടിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗമാണ് ഇതുമായി ബന്ധപ്പെട്ട് തീരുമാനമെടുത്തത്.

അതേസമയം, വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട കേസിൽ ക്ഷേത്രക്കമ്മിറ്റി പ്രസിഡന്റ് ചന്ദ്രശേഖരൻ, സെക്രട്ടറി ഭരതൻ എന്നിവരുടെ ജാമ്യം സ്വമേധയ റദ്ദാക്കിയ നടപടി ജില്ലാസെഷൻസ് കോടതി കഴിഞ്ഞ ദിവസം ശരിവച്ചിരുന്നു. പ്രതികൾക്കെതിരെ വാറന്റ് പുറപ്പെടുവിക്കാൻ ഹോസ്ദുർഗ് സി ജെ എം കോടതിക്ക് നിർദ്ദേശം നൽകി. അന്വേഷണ സംഘം അറസ്റ്റ് ചെയ്ത പ്രതികൾക്ക് ഹോസ്ദുർഗ് കോടതി നൽകിയ ജാമ്യമാണ് ജില്ലാ കോടതി റദ്ദാക്കിയത്. വെടി പൊട്ടിക്കാൻ നേതൃത്വം നൽകിയ പള്ളിക്കര രാജേഷും വിജയനും ഇപ്പോഴും ജയിലിൽ തന്നെയാണ്.

## തിരൂർ വാഹനാപകടം; 7 വയസുകാരൻ മരിച്ചു



മലപ്പുറം: നിയന്ത്രണം വിട്ട കാറിടിച്ച് പരിക്കേറ്റ് ചികിത്സയിലായിരുന്ന സ്കൂൾ വിദ്യാർത്ഥി മരിച്ചു. തലക്കടത്തൂർ സ്വദേശി നെല്ലേരി സമീറിന്റെ മകൻ മുഹമ്മദ് റിക്സാൻ (ഏഴ്) ആണ് മരിച്ചത്. ഇന്നലെ രാവിലെ 9.45ഓടെ തിരൂർ തലക്കടത്തൂർ ഓവുങ്ങൽ പാറാൾ പള്ളിക്ക് സമീപത്തുവച്ചാണ് അപകടമുണ്ടായത്. മതിലിനും കാറിനും ഇടയിൽ കുടുങ്ങിയ കുട്ടിക്ക് ഗുരുതര പരിക്ക് പറ്റിയിരുന്നു.

## തോട്ടിലേക്ക് ഓട്ടോ മറിഞ്ഞ് കാണാതായ യാത്രക്കാരന്റെ മൃതദേഹം കണ്ടെത്തി

തിരു: മരുതൂരിൽ തോട്ടിലേക്ക് ഓട്ടോ മറിഞ്ഞ് കാണാതായ യാത്രക്കാരന്റെ മൃതദേഹം കണ്ടെത്തി. പ്ലാവില സ്വദേശി ജയനാണ് മരിച്ചത്. ശനിയാഴ്ച രാവിലെ നടത്തിയ തിരച്ചിലിലാണ് മൃതദേഹം കണ്ടെത്തിയത്.

വെള്ളിയാഴ്ച വൈകീട്ട് നാല് മണിയോടുകൂടിയാണ് ഓട്ടോ മറിഞ്ഞ് ജയനെ കാണാതായത്. ഓട്ടോറിക്ഷ ഡ്രൈവറും ജയനുമായിരുന്നു അപകടം നടന്നപ്പോൾ ഓട്ടോയിലുണ്ടായിരുന്നത്.

വെള്ളിയാഴ്ച ഉച്ചയോടുകൂടി പെയ്ത കനത്ത മഴയിൽ മരുതൂർ പാലത്തിന് സമീപമുള്ള തോട്ടിൽനിന്ന് റോഡിലേക്ക് വെള്ളം കയറിയിരുന്നു. ഈ സമയത്താണ് ഓട്ടോ മറിഞ്ഞ് അപകടമുണ്ടായത്. ഓട്ടോറിക്ഷ ഡ്രൈവർക്ക് തോടിനുസമീപമുള്ള മരത്തിന്റെ വേരിൽ പിടിത്തംകിട്ടിയതാണ് രക്ഷയായത്. ഇയാളെ ഫയർ ഫോസ് സംഘമെത്തി രക്ഷിക്കുകയായിരുന്നു.

ആദ്യം നാട്ടുകാരും പിന്നീട് ഫയർഫോസും ചേർന്ന് ഇന്നലെ രാത്രി ഒരു മണിവരെ തിരച്ചിൽ നടത്തിയിരുന്നു. തുടർന്ന് ശനിയാഴ്ച രാവിലെ വീണ്ടും ആരംഭിച്ച തിരച്ചിലിൽ മരുതൂർ പാലത്തിന് സമീപത്തുനിന്ന് മൃതദേഹം കണ്ടെത്തുകയായിരുന്നു.

## അഭിഭാഷകയെ കൊലപ്പെടുത്തി; ക്വട്ടേഷൻ തുക ലഭിച്ചില്ലെന്ന് പറഞ്ഞ് പൊലീസിൽ പരാതിയുമായി കൊലയാളി

മീറത്ത് (ഉത്തർപ്രദേശ്): ഉത്തർപ്രദേശിലെ മീറത്തിൽ കൊലപാതകത്തിന് ശേഷം ക്വട്ടേഷൻ തുക നൽകാത്തതിന് കൊലയാളി പൊലീസ് സ്റ്റേഷനിൽ പരാതിയുമായെത്തി. അഭിഭാഷകയായ അഞ്ജലി എന്ന യുവതിയെ ഒരുവർഷം മുമ്പ് നീരജ് ശർമ എന്ന വാടക കൊലയാളി വെടിവെച്ചു കൊന്നിരുന്നു.

കൊലക്ക് 20 ലക്ഷം രൂപയുടെ കരാർ നൽകിയെങ്കിലും തുക ലഭിച്ചില്ലെന്ന് ഇയാൾ പറഞ്ഞു. സ്വത്ത് തർക്കത്തിന്റെ പേരിൽ കൊലയാളികളെ വാടകക്കെടുത്തെന്ന സംശയത്തെത്തുടർന്ന് അവരുടെ ഭർത്താവിനെയും മരുമകനെയും ആദ്യം പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു. എന്നാൽ, ഇവർക്ക് പങ്കില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് വിട്ടയച്ചു. എന്നാൽ, അഞ്ജലിയെ കൊലപ്പെടുത്തിയത് ഭർത്താവിന്റെയും അമ്മായിയമ്മ സരള ഗുപ്തയുടെയും ഭാര്യാപിതാവ് പവൻ ഗുപ്തയുടെയും നിർദേശപ്രകാരമാണെന്ന് നീരജ് ശർമ ആരോപിച്ചു.

20 ലക്ഷം രൂപയുടെ കരാർ ഉറപ്പിച്ചെങ്കിലും തുക ലഭിച്ചില്ല. താൻ ജയിലിൽ വരെ കിടന്നിട്ടും വാഗ്ദാനം ചെയ്ത തുക കിട്ടാത്തതിനെ തുടർന്നാണ് പൊലീസിനെ സമീപിച്ചതെന്ന് നീരജ് ശർമ പറഞ്ഞു. ജാമ്യത്തിലിറങ്ങിയപ്പോൾ തന്നെ ഇയാൾ പരാതിയുമായി സ്റ്റേഷനിൽ എത്തുകയായിരുന്നു.

സുരേഷ് ഭാട്ടി എന്ന വ്യക്തിയാണ് ഇവരെ ജോലിക്കെടുത്തതെന്നാണ് സൂചന. കൊലപാതകത്തിന്റെ തലേദിവസം രാത്രി നീരജിന്റെ വീട്ടിൽ അക്രമികൾ താമസിച്ചിരുന്നതായി അന്വേഷണ ഉദ്യോഗസ്ഥർ വെളിപ്പെടുത്തി. കൊലപാതകവുമായി ബന്ധപ്പെട്ട രണ്ട് സ്കൂട്ടറുകളും ഒരു പിസ്റ്റളും പൊലീസ് കണ്ടെടുത്തു. കൂടുതൽ അന്വേഷണം നടത്തുമെന്നും പുതിയ വസ്തുതകൾ പുറത്തുവന്നാൽ പ്രതികൾക്കെതിരെ നടപടിയെടുക്കുമെന്നും മീറത്ത് സിറ്റി സീനിയർ പൊലീസ് ഓഫിസർ ആയുഷ് വിക്രം പറഞ്ഞു.

## യെദിയൂരപ്പയെ പ്രോസിക്യൂട്ട് ചെയ്യണമെന്ന് റിപ്പോർട്ട്

ബംഗളൂരു: പി.പി.ഇ കിറ്റ് അഴിമതിയിൽ കർണാടക മുൻ മുഖ്യമന്ത്രി ബി.എസ് യെദിയൂരപ്പയെ പ്രോസിക്യൂട്ട് ചെയ്യണമെന്ന് ജോൺ മൈക്കിൾ ഡികുൻഹ കമീഷൻ റിപ്പോർട്ട്. മുൻ ആരോഗ്യമന്ത്രി ബി.ശ്രീരാമലുവിനേയും പ്രോസിക്യൂട്ട് ചെയ്യണമെന്ന് നിർദേശമുണ്ട്. കമ്പനികളിൽ നിന്നും നേരിട്ട് മൂന്ന് ലക്ഷം പി.പി.ഇ കിറ്റുകൾ വാങ്ങിയതിലാണ് നടപടി. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് പി.പി.ഇ കിറ്റുകൾ വാങ്ങിയതെന്നും അന്വേഷണ കമീഷൻ റിപ്പോർട്ടിലുണ്ട്.

2020 മാർച്ച് 18ലെ കണക്കുകൾ പ്രകാരം 12 ലക്ഷം പി.പി.ഇ കിറ്റുകളാണ് സംസ്ഥാനത്തിന് ആവശ്യമുണ്ടായിരുന്നത്. 2020 ഏപ്രിൽ 1ന് വിലനിർണയ സമിതി യോഗം ചേർന്ന് പി.പി.ഇ കിറ്റൊന്നിന് 2117.53 രൂപ വില നിശ്ചയിച്ചു.

ഇതുപ്രകാരം മൂന്ന് കമ്പനികളിൽ നിന്നും ക്വട്ടേഷനും ക്ഷണിച്ചു. എന്നാൽ കമ്പനികളിൽ മുഴുവൻ നിയമങ്ങളും പാലിച്ചായിരുന്നില്ല ക്വട്ടേഷൻ ക്ഷണിച്ചത്. എന്നാൽ, പ്രിൻസിപ്പൽ സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറിയും ആരോഗ്യമന്ത്രിയും ഗ്ലോബൽ ടെൻഡർ വിളിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

## 'ശബരിമല വഖഫ് ഭൂമിയാകും, അയ്യപ്പൻ ഇറങ്ങിപ്പോകേണ്ടിവരും'; ബി . ഗോപാലകൃഷ്ണൻ



കൽപറ്റ: മുനമ്പം ഭൂമി പ്രശ്നത്തെക്കുറിച്ച് സംസാരിക്കവെ വിവാദപരാമർശവുമായി ബി.ജെ.പി. സംസ്ഥാന ഉപാധ്യക്ഷൻ അഡ്വ. ബി. ഗോപാലകൃഷ്ണൻ. വാവര് സ്വാമി അവകാശവാദം ഉന്നയിച്ചാൽ ശബരിമല നാളെ വഖഫ് ഭൂമിയാവുമെന്നാണ് ഗോപാലകൃഷ്ണന്റെ പരാമർശം.വയനാട് കമ്പളക്കാട്ടിൽ എൻ.ഡി.എ. സ്ഥാനാർഥി നവ്യാ ഹരിദാസിന്റെ തിരഞ്ഞെടുപ്പ് പ്രചാരണ യോഗത്തിലായിരുന്നു വിവാദപ്രസംഗം. കേന്ദ്രമന്ത്രി സുരേഷ് ഗോപിയടക്കം ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. കേന്ദ്രമന്ത്രി എത്തുന്നതിന് തൊട്ടുമുമ്പായിരുന്നു പരാമർശം.

## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS: 570/2023

മുകുന്ദപുരം താലൂക്ക് പറപ്പൂക്കര വില്ലേജ് നന്തിക്കര ദേശത്ത് സ്ഥാപിതമായ കോസി കോർണർ ഇൻവെസ്റ്റ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് വിൻകോസ്റ്റ് ടവർ നന്തിക്കര പോസ്റ്റ് എന്ന കമ്പനിക്ക് വേണ്ടി ഇപ്പോഴത്തെ ചെയർമാൻ മുകുന്ദപുരം താലൂക്ക് പറപ്പൂക്കര വില്ലേജ് പോങ്കോത്ര ദേശത്ത് കൂടപ്പറമ്പിൽ ചന്ദ്രൻ മകൻ 44 ബിസിനസ് പ്രദീപ് കെ സി

- വാദി

തലപ്പിള്ളി താലൂക്ക് നെടുമ്പുര വില്ലേജ്, നെടുമ്പുര ദേശത്ത് നല്ലവരമ്പത്ത്പടി വീട്ടിൽ മണികണ്ഠൻ ഭാര്യ 40 വയസ് സുജിത, ചെറുതുരുത്തി പി ഒ., പിൻ-679531

1-ാം പ്രതി

മേൽ നമ്പ്രിൽ 1-ാം പ്രതിക്കുള്ള സമൻസ് ടിയാരുടെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **21-11-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം പകൽ 11 മണിക്ക് നിങ്ങൾ നേരിട്ടോ അധികാരപ്പെടുത്തിയ അഡ്വക്കെറ്റ് മുഖാന്തിരമോ കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് വിചാരണ ചെയ്ത് തീർപ്പാക്കുമെന്ന് നിങ്ങളെ ഇതിനാൽ അറിയിക്കുന്നു.

എന്ന്, 30-10-2024

വാദിഭാഗം അഡ്വക്കെറ്റ്

**കെ എ നിതിൻ** (ഒപ്പ്) ഇരിങ്ങാലക്കുട

